TB Movie Panel Weekly Review

**#moviepanel**

മേജർ:

എഴുതിയത് : Lijo Rachel George

ഈ സിനിമ എന്താണ് പറയുന്നതെന്ന് നിങ്ങൾക്ക് എല്ലാവർക്കും ഒരു ഏകദേശ ധാരണ ഉണ്ടായിരിക്കുമല്ലോ!

മലയാളിയും 2008 ലെ മുംബൈ താജ് ഹോട്ടൽ ആക്രമണത്തിൽ മരണപ്പെട്ടയാളുമായ, ധീര യോദ്ധാവ്, മേജർ സന്ദീപ് ഉണ്ണികൃഷ്ണന്റെ ജീവിതമാണ് 'മേജർ' സിനിമയുടെ കഥാതന്തു. സന്ദീപ് എന്ന പട്ടാളക്കാരന്റെ കഥ എന്നതിനേക്കാൾ സന്ദീപ് എന്ന വ്യക്തിയുടെ കഥ കൂടിയാണ് മേജർ.

2008 ലെ മുംബൈയിൽ നടന്ന തീവ്രവാദി ആക്രമണത്തിൽ കൊല്ലപ്പെട്ടതിനു ശേഷമാണ് നമ്മൾ മലയാളികൾ പോലും മേജർ സന്ദീപ് ഉണ്ണികൃഷ്ണനെ പറ്റി കേട്ടറിഞ്ഞു തുടങ്ങിയത്.Trailer ലെ ഡയലോഗ് കടമെടുത്താൽ, "അന്നുണ്ടായ അറ്റാക്ക് മാത്രമല്ല സന്ദീപ്, അതിനും എത്രയോ മുൻപേയാണ് അവന്റെ കഥ തുടങ്ങുന്നത്!"

മലയാളിയായ റിട്ടയേർഡ് ISRO ഉദ്യോഗസ്ഥൻ, ശ്രീ ഉണ്ണികൃഷ്ണനും തമിഴ് വംശജയായ ശ്രീമതി. ധനലക്ഷ്മിയുടെയും ഏക മകനായി കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ എന്ന ഗ്രാമത്തിൽ ജനിച്ച സന്ദീപ് എങ്ങനെ ഇന്ത്യൻ കരസേനയിലെ ഉയർന്ന പദവിയിലെത്തി!ആ ജീവിതയാത്രയിൽ പിന്നിട്ട വഴികൾ, തരണം ചെയ്ത ദുർഘട നിമിഷങ്ങൾ, ഇവയൊക്കെ മേജർ സിനിമ പറയുന്നുണ്ട്.

എന്നാൽ ഇത് സന്ദീപ് ഉണ്ണികൃഷ്ണൻ എന്ന വ്യക്തിയുടെ മാത്രം കഥയോ അല്ലെങ്കിൽ മുംബൈ അക്രമണമോ മാത്രമല്ല പറഞ്ഞു വെയ്ക്കുന്നത്, മറിച്ചു, ഒരു പട്ടാളക്കാരൻ എങ്ങനെ ആയിരിക്കണം എന്നും ഒരു പട്ടാളക്കാരന്റെ കടമ എന്താണെന്നും കൂടി പറഞ്ഞു വെയ്ക്കുന്നുണ്ട്. അതുപോലെ തന്നെ ജീവിതം കൊണ്ടും കർമം കൊണ്ടും സ്വയം മറ്റുള്ളവർക്കൊരു മാതൃകയായി,വരും തലമുറകൾക്ക് നടന്നു കയറാനൊരു പാത തുറന്നിട്ട് കൊടുത്ത സന്ദീപ് എന്ന പട്ടാളക്കാരനെയും അടുത്തറിയാൻ ഈ സിനിമ നമ്മളെ സഹായിക്കും.

ആർമിയുടെ ഈ ഓപ്പറേഷനിൽ നിന്ന് അവിടെക്ക് പോകാതെ ഒഴിഞ്ഞു നില്ക്കാമായിരുന്നിട്ടും, ഒരു യഥാർത്ഥ സോൾജ്യർ ആയിരുന്നത് കൊണ്ടാകണം,'Don't come up, I will handle them' എന്ന് പറഞ്ഞു കൊണ്ട് സന്ദീപ് ധൈര്യ സമേതം തീവ്രവാദികളെ തുരത്താനായി മരണ മുഖത്തേക്ക് മുൻപോട്ടു നീങ്ങിയത്.

പഴുതുകളില്ലാത്ത, കാമ്പുള്ള തിരക്കഥയാണ് ഈ സിനിമയുടെ നട്ടെല്ല്. മേക്കിങ്ങിന്റെ

കാര്യത്തിൽ, പ്രധാന തരങ്ങളുടെ അഭിനയ മികവും,ഓരോ സീനിലെയും ഇമോഷൻസിന് തികച്ചും യോജിക്കുന്ന വിധത്തിലുള്ള, ബിജിഎമ്മും ഡബ്ബിങ്ങിലെ വോയിസ് മോഡുലേഷനും എല്ലാം കൂടി പാകത്തിന് ഇഴ ചേർത്ത് വെച്ചിരിക്കുന്നത് കൊണ്ടു സിനിമ പ്രേക്ഷകരുടെ മനസ്സിലേക്ക് കൂടുതൽ ആഴത്തിൽ സ്പർശിക്കുന്നുണ്ട്.ഒരു ലോ ബജറ്റ് ഫിലിം ആയിട്ട് കൂടി,മികച്ചൊരു ദൃശ്യ-ശ്രവ്യ അനുഭവവും സാങ്കേതിക വിദ്യയുടെ മികച്ച ഉപയോഗവും സിനിമയെ സന്ദീപിനുള്ള മികവുറ്റ ഒരു ശ്രദ്ധാഞ്ജലിയായി മാറ്റുന്നുമുണ്ട്.സ്ത്രീ-പുരുഷ ഭേദമന്യേ, ഒരു ശരാശരി പ്രേക്ഷകന് കരയാതെയോ,കണ്ണു നനയാതെയോ തിയേറ്റർ വിട്ടിറങ്ങാനാകില്ല എന്നതാണ്, മേജർ മൂവി, പ്രേക്ഷകരെ എത്രത്തോളം അതിൽ ലയിപ്പിച്ചിരുതുന്നു എന്നുള്ളതിന്റെ തെളിവാണ്.കാശ്മീർ ഉൾപ്പെടെ 75 ഓളം ലൊക്കേഷനുകളിലായി ഷൂട്ട് ചെയ്തിരിക്കുന്ന ചിത്രം കശ്മീരിലെ മഞ്ഞു മലകളുടെ നയനാനന്ദകരമായ ദൃശ്യവിരുന്നും നമുക്ക് പകർന്നു നല്കുന്നുണ്ട്.

തെലുഗു മൂവി ഇൻഡസ്ട്രിയിലെ പ്രമുഖ നടനും തിരക്കഥാകൃത്തും സംവിധായകനുമായ ആദി ശേഷാണ് മേജറിന്റെ കഥയും തിരക്കഥയും ഒരുക്കിയിരിക്കുന്നത്.അതോടൊപ്പം ചിത്രത്തിൽ സന്ദീപായി ജീവിക്കുന്നതും ആദി ശേഷ് തന്നെ!തെലുഗിലും ഹിന്ദിയിലും മലയാളത്തിലുമായി ഇറങ്ങിയ ചിത്രത്തിന്റെ സംവിധായകൻ ശശി കിരൺ ടിക്കയാണ്. ആദി ശേഷിന്റെ ഹിന്ദിയിലെ അരങ്ങേറ്റ ചിത്രം കൂടിയാണ് ഇത്.

ആദി ശേഷിനെ കൂടാതെ, പ്രകാശ് രാജ് (കെ.ഉണ്ണികൃഷ്ണൻ), രേവതി(വനലക്ഷ്മി), ശോഭിത ഡി, സൈഈ മഞ്ജരേക്കർ,മുരളി ശർമ, അനീഷ് കുരുവിള എന്നിവരാണ് ഇതിലെ പ്രധാന അഭിനേതാക്കൾ. സന്ദീപിന്റെ മാതാപിതാക്കളായി പ്രകാശ് രാജും രേവതിയും ജീവിക്കുകയായിരുന്നു എന്ന് തന്നെ പറയാം.

ചിത്രത്തിന്റെ ഛായാഗ്രാഹകൻ വംശിയും എഡിറ്റിംഗ് വിനയ് കുമാർ സിരിഗിനീടിയും കോടതി പവൻ കല്യാണും ചേർന്നാണ്.ചിത്രത്തിന്റെ മ്യൂസിക് ശ്രീചരൺ പകലയുടേതാണ്.മേജറിലെ, നാരു വെണ്ണിലാ(മലയാളം)/മേരെ ലാല്ന(ഹിന്ദി)/കണ്ണാ കണ്ണാ (തെലുഗു) എന്ന ഗാനം എല്ലാ ഭാഷയിലും പാടിയിരിക്കുന്നത്, മലയാളത്തിന്റെ വാനമ്പാടി കെ.എസ്.ചിത്ര ആണെന്നുള്ളതാണ് സിനിമയുടെ മറ്റൊരു പ്രത്യേകത.

സോണി പിക്ചർസ് ഇന്ററർനാഷണൽ പ്രോഡക്ഷൻസ്, GMB എന്റർടൈൻമെന്റ്സ്, A+S മൂവീസ് എന്നിവയുടെ ബാനറിൽ, നമ്രത ഷിരോദ്കർ, അനുരാഗ് റെഡ്ഡി,ശരത് ചന്ദ്ര എന്നിവരുമൊത്ത്,ഈ സിനിമ നിർമിച്ചിരിക്കുന്നത്, പ്രമുഖ നടനും നിർമാതാവുമായ മഹേഷ് ബാബുവാണ്

കോവിഡ് മൂലം ഒരു വർഷത്തോളം റിലീസ് വൈകിയത് കൊണ്ടു 2022 ജൂൺ 3ന് റിലീസ് ചെയ്യപ്പെട്ട ചിത്രം ഇതിനോടകം തന്നെ 60 കോടി നേടി കഴിഞ്ഞു എന്നത് ജനങ്ങൾക്കിടയിൽ ഈ സിനിമയ്ക്കുള്ള സ്വീകാര്യത വിളിച്ചറിയിക്കുന്നു.

മേജർ എന്ന ചലച്ചിത്രത്തിന്റെ അണിയറ പ്രവർത്തകർ, സന്ദീപ് എന്ന ധീര യോദ്ധാവിന്റെ ജീവിതത്തോട് അങ്ങേയറ്റം നീതി പുലർത്തിയിട്ടുണ്ട് എന്ന് വേണം

പറയാൻ!അതേ, ജീവനേക്കാളും വലുതായി രാജ്യത്തെ സ്നേഹിച്ച, നമ്മുടെ നാട്ടുകാരനായ ഒരു യഥാർത്ഥ പട്ടാളക്കാരന് അഥവാ ഒരു ധീര യോദ്ധാവിന്, മരണത്തിന്റെ പതിനാലാം വർഷത്തിൽ അർപ്പിക്കപ്പെട്ട ഒരു തികഞ്ഞ ശ്രദ്ധാഞ്ജലിയാണ് മേജർ മൂവി!